# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ഓഗസ്റ്റ് 10**

---

## ഇന്നത്തെ(ഓഗസ്റ്റ് 11) പരീക്ഷ മാറ്റി

എട്ടാം സെമസ്റ്റർ ബി.ടെക്(2010 മുതലുള്ള അഡ്മിഷൻ സപ്ലിമെൻററിയും മെഴ്സി ചാൻസും) പരീക്ഷയുടെ ഇന്ന്(ഓഗസ്റ്റ് 11) നടത്താനിരുന്ന ആർട്ടിഫിഷ്യൽ ഇൻറലിജൻസ് പരീക്ഷ ഓഗസ്റ്റ് 14 ലേക്ക് മാറ്റി. പരീക്ഷാകേന്ദ്രത്തിന് മാറ്റമില്ല.

(പി.ആർ.ഒ/39/958/2023)

## ഗവേഷണ ഫലങ്ങളിൽനിന്ന് മൂല്യവർധിത ഉത്പന്നങ്ങൾ; എം.ജി സർവകലാശാലയും സാർക്കും തമ്മിൽ ധാരണ

ഗവേഷണ കണ്ടെത്തലുകളിൽനിന്നും പൊതു സമൂഹത്തിന് ഗുണകരമാകുന്ന മൂല്യവർധിത ഉത്പന്നങ്ങൾ വിപണയിലെത്തിക്കുന്നതിനായി മഹാത്മാ ഗാന്ധി സർവകലാശാലയും നീലംപേരൂരിലെ സാർക്ക് സ്പൈസ് പ്രോഡക്ടസും തമ്മിൽ ധാരണ. പുതിയ സംരംഭങ്ങളും ടൂറിസം മേഖലയിൽ സുഗന്ധവ്യഞ്ജന ഉത്പന്നങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളുമാണ് ലക്ഷ്യം.

സർവകലാശാലാ രജിസ്ട്രാർ ഡോ. ബി. പ്രകാശ് കുമാറും സാർക്ക് സ്പൈസ് പ്രോഡക്ട് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഏബ്രഹാം കുരുവിളയുമാണ് ധാരണാപത്രത്തിൽ ഒപ്പുവച്ചത്. സർവകലാശാലയിലെ ബിസിനസ് ഇന്നോവേഷൻ ആൻഡ് ഇൻക്യൂബേഷൻ സെന്റർ ഡയറക്ടർ ഡോ. ഇ.കെ. രാധാകൃഷ്ണൻ, ഡോ. സിന്ധു ആർ. ബാബു, സാർക്ക് സ്പൈസ് പ്രോഡ്ക്ട്സ് ക്വാളിറ്റി ഡയറക്ടർ സൂസൻ കുരുവിള എന്നിവരും സന്നിഹിതരായിരുന്നു.

**ഫോട്ടോ ക്യാപ്ഷൻ...**

മഹാത്മാ ഗാന്ധി സർവകലാശാലയും സാർക്ക് സ്പൈസ് പ്രോഡക്സും തമ്മിൽ ഒപ്പുവച്ച ധാരണപത്രവുമായി സർവകലാശാലാ രജിസ്ട്രാർ ഡോ. ബി. പ്രകാശ് കുമാറും സാർക്ക് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഏബ്രഹാം കുരുവിളയും. ഡോ. ഇ.കെ. രാധാകൃഷ്ണൻ, ഡോ. സിന്ധു ആർ. ബാബു, സൂസൻ കുരുവിള എന്നിവർ സമീപം.

(പി.ആർ.ഒ/39/959/2023)

## റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ ഡിഗ്രി പ്രോഗ്രാമുകൾക്ക് ഒന്നാം ഫൈനൽ അലോട്ട്മെൻറ് മുഖേനയുള്ള പ്രവേശനത്തിൻറെ റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ കോളേജുകളുമായി ബന്ധപ്പെട്ട് സാധ്യത മനസിലാക്കി ഓഗസ്റ്റ് 14ന് വൈകുന്നേരം അഞ്ചിന് മുൻപ് പ്രവേശനം നേടണം.

(പി.ആർ.ഒ/39/960/2023)

## എം.ജി പി.ജി; സ്പോട്ട് അഡ്മിഷൻ

സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സിൽ എം.എസ്.സി മാത്തമാറ്റിക്സ് 2023 ബാച്ചിൽ ഈഴവ, എസ്.സി, എക്സ്.ഒ.ബി.സി, മുസ്ലിം, എച്ച്.ഒ.ബി.സി, ഇ.ഡബ്ല്യു.എസ് വിഭാഗങ്ങളിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്.

യോഗ്യരായവർ അസൽ രേഖകളുമായി ഓഗസ്റ്റ് 14ന് രാവിലെ 10.30 മുതൽ വകുപ്പ് ഓഫീസിൽ നേരിട്ട് ഹാജരാകണം. ഫോൺ: 8304870247. ഇമെയിൽ: sms@mgu.ac.in

.....................

സ്കൂൾ ഓഫ് പോളിമർ സയൻസ് ആൻറ് ടെക്നോളജിയിൽ എം.എസ്.സി ഇൻഡസ്ട്രിയൽ പോളിമർ സയൻസ് ആൻറ് ടെക്നോളജി പ്രോഗ്രാമിൽ എസ്.സി, എസ്.ടി വിഭാഗങ്ങളിൽ ഓരോ സീറ്റുകൾ വീതം ഒഴിവുണ്ട്.

യോഗ്യരായ വിദ്യാർഥികൾ അസ്സൽ രേഖകളുമായി ഓഗസ്റ്റ് 14ന് രാവിലെ 10.30ന് കൺവർജൻസ് അക്കാദമിയ കോംപ്ലക്സിലെ വകുപ്പ് ഓഫീസിൽ(റൂം നമ്പർ 302) എത്തണം. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ (www.mgu.ac.in). ഫോൺ: 9497812510, 9400552374

(പി.ആർ.ഒ/39/961/2023)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ആറാം സെമസ്റ്റർ ബി.പി.ഇ.എസ്(2020 അഡ്മിഷൻ റഗുലർ, 2016-2019 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകൾ സെപ്റ്റംബർ അഞ്ചിന് ആരംഭിക്കും. ഓഗസ്റ്റ് 16 വരെ ഫീസ് അടച്ച് അപേക്ഷിക്കാം.

പിഴയില്ലാതെ ഓഗസ്റ്റ് 17നും സൂപ്പർഫൈനോടു കൂടി ഓഗസ്റ്റ് 18നും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ/39/962/2023)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ ബി.എസ്.സി ഇൻഫർമേഷൻ ടെക്നോളജി - മെയ് 2023(സി.ബി.സി.എസ് - 2021 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഓഗസ്റ്റ് 22ന് അതത് കോളജുകളിൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

.....................

നാലാം സെമസ്റ്റർ സി.ബി.സി.എസ് - ബി.എ മ്യൂസിക് വോക്കൽ, വയലിൻ, വീണ പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 17 മുതൽ തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആൻഡ് ഫൈൻ ആർട്സിൽ നടക്കും, ടൈംടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/963/2023)

## പ്രോജക്ട്, വൈവ വോസി

ജൂണിൽ വിജ്ഞാപനം പുറപ്പെടുവിച്ച നാലാം സെമസ്റ്റർ എം.എസ്.സി ഫൈറ്റോ മെഡിക്കൽ സയൻസ് ആൻറ് ടെക്നോളജി - ജൂലൈ 2023(2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ പ്രോജക്ട്, വൈവ വോസി പരീക്ഷകൾ സെപ്റ്റംബർ ഏഴ്, എട്ട് തീയതികളിൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/964/2023)

## പരീക്ഷാ ഫലം

മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി പോളിമർ കെമിസ്ട്രി(2022 അഡ്മിഷൻ റഗുലർ, 2019-2021 അഡ്മിഷനുകൾ സപ്ലിമെൻററിയും ഇംപ്രൂവ്മെൻറും പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് 24 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

...............

ഒന്നാം സെമസ്റ്റർ എം.എ മ്യൂസിക് വോക്കൽ, മ്യൂസി വയലിൻ, മ്യൂസിക് വീണ, ഭരതനാട്യം, ചെണ്ട, മദ്ദളം, കഥകളി വേഷം, കഥകളി സംഗീതം, മോഹിനിയാട്ടം, മൃദംഗം - മാർച്ച് 2023(2022 അഡ്മിഷൻ റഗുലർ, 2019-2021 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് 24 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

...............

സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.ടി.ടി.എം(ഫാക്കൽറ്റി ഓഫ് ടൂറിസം ആൻറ് ഹോസ്പിറ്റാലിറ്റി സ്റ്റഡീസ് 2021 അഡ്മിഷൻ - ക്രെഡിറ്റ് ആൻറ് സെമസ്റ്റർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷ നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് 23 വരെ സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് വകുപ്പ് മേധാവിയുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

...............

സ്കൂൾ ഓഫ് സോഷ്യൽ സയൻസസ് മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ(ഫാക്കൽറ്റി ഓഫ് സോഷ്യൽ സയൻസ് - ഹിസ്റ്ററി ആൻറ് ആന്ത്രപ്പോളജി, 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ റീഅപ്പിയറൻസ് - ക്രെഡിറ്റ് ആൻറ് സെമസ്റ്റർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷ നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് 23 വരെ സ്കൂൾ ഓഫ് സോഷ്യൽ സയൻസസ് വകുപ്പ് മേധാവിയുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/965/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**